ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങൾ

* 338. [398] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ 1-7-1985 മുതൽ പുതിയ നിയമനങ്ങൾ മരവിപ്പിച്ചും, ഷെഡ്യൂളുകളുടെ എണ്ണം കുറച്ചും ഒരു ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ ഉത്തരവ് നടപ്പിലാക്കുകയാണെങ്കിൽ ഒരു വർഷത്തിൽ കോർപ്പറേഷന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന വരുമാനം എത്രയായിരിക്കും ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. നുന്ദരൻ നാടാർ) :

(എ) 24-6-1985-ലെ ഗവൺമെൻറ് ലറർ 2976/എ1/85/ടി. ഡി. പ്രകാരം കോർപ്പറേഷന്റെ നില മെച്ചപ്പെടുത്തുന്നതിനുള്ള ഗവൺമെൻറ് നൽകിയ ചില നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ കെ. എസ്. ആർ. ടി. സി. സ്വീകരിച്ചു വരുന്നു.

(ബി) ഗവൺമെൻറ് നിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ഉത്തരവ് നടപ്പിലായി ഒരുവർഷത്തെ പ്രവർത്തനമെങ്കിലും വിലയിരുത്തിയതിനുശേഷം മാത്രമേ എത്ര കണ്ട് ചെലവു കുറക്കാനും നഷ്ടം കുറയ്ക്കാനും സാധിക്കും എന്ന് തുടങ്ങിയ കാര്യങ്ങളെപ്പറ്റി തിട്ടപ്പെടുത്താനാവൂ.

(3) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

"മിച്ചഭൂമി"

1243. [1686] ശ്രീ. ജി. കാർത്തികേയൻ :
,, കെ. സി. ജോസഫ് :
,, തോപ്പിൽ രവി :
,, പി. സി. ജോസഫ് :
,, രാഘവൻ പൊഴക്കടവിൽ :
,, പന്തളം സുധാകരൻ :
,, കെ. എസ്. നാരായണൻനമ്പൂതിരി :
,, കെ. രാഘവൻ മാസ്റ്റർ :
,, ബന്നി ബഹനാൻ :
,, രമേശ് ചെന്നിത്തല :
,, കെ. മുഹമ്മദാലി :
,, തെന്നല ജി. ബാലകൃഷ്ണപിള്ള :
,, കെ. കെ. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തു ;

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ജില്ലയിലും എത്ര വീതം ;

(സി) ഏതു താലൂക്കിലാണ് കൂടുതൽ എടുത്തത് ;

(ഡി) 1984-85-ൽ എത്ര ഏക്കർ വിതരണം ചെയ്തു ; ഓരോ ജില്ലയിലും എത്ര; ഏതു താലൂക്കിലാണ് കൂടുതൽ മിച്ചഭൂമി വിതരണം ചെയ്തത്;

(ഇ) വിതരണം ചെയ്യപ്പെട്ട മിച്ചഭൂമി അതിനായി തെരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും കിട്ടാത്തതിനെപ്പറ്റിയും, കരിംപാറ നിറഞ്ഞ ഭൂമി ലഭിച്ചതിനെപ്പറ്റിയും ഭൂമിയിൽ പ്രവേശിച്ച ചിലരെ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ അറസ്റ്റു ചെയ്തു കേസെടുത്തതിനെപ്പറ്റിയും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഈ പരാതികളിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 12,440 ഏക്കർ.

(ബി) ജില്ല	ഏറെടുത്ത മിച്ചഭൂമി (ഏക്കർ)
കാസർഗോഡ്.	291
കണ്ണൂർ.	1709
വയനാട്.	1895
കോഴിക്കോട്.	695
മലപ്പുറം.	732
പാലക്കാട്.	1348
തൃശ്ശൂർ	325
എറണാകുളം	66
ഇടുക്കി.	4291
കോട്ടയം.	104
ആലപ്പുഴ.	599
പത്തനംതിട്ട	2
കൊല്ലം	118
തിരുവനന്തപുരം.	265
	12,440

(സി) പീരുമേട് താലൂക്കിൽ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1984-85-ൽ 3591 ഏക്കർ വിതരണം ചെയ്തു. ജില്ലതിരിച്ചുള്ള കണക്ക് :

ജില്ല.	വിതരണം ചെയ്ത ഭൂമി (ഏക്കർ)
കാസർഗോഡ്	218
കണ്ണൂർ	339
വയനാട്	193
കോഴിക്കോട്	147
മലപ്പുറം	169
പാലക്കാട്	592
തൃശ്ശൂർ	150
എറണാകുളം	9
ഇടുക്കി	1608
കോട്ടയം	90
ആലപ്പുഴ	21
പത്തനംതിട്ട	9
കൊല്ലം	26
തിരുവനന്തപുരം	20
ആകെ.	3591

പീരുമേട് താലൂക്കിലാണ് കൂടുതൽ മിച്ചഭൂമി വിതരണം ചെയ്തത്.

(ഇ, എഫ്) വിവരം ശേഖരിച്ചുവരുന്നു.

കേരള ഭൂപരിഷ്കരണ ബില്ലിന്റെ ലക്ഷ്യം നേടാൻ സമഗ്രമായ നിയമ നിർമ്മാണം

1244. [1698] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭൂപരിഷ്കരണ ബില്ലിന്റെ ലക്ഷ്യം നേരിടാൻ പര്യാപ്തമായ സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതാണെന്ന് നൽകിയ ഉറപ്പിനെത്തുടർന്ന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് പറയാമോ ;

(ബി) ഈ നടപടിക്ക് കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിയമസഭാസമ്മേളനത്തിൽ തന്നെ ഇതിനുവേണ്ട ഭേദഗതി നിയമം പാസ്സാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly